**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2407** **27-02-2023 - ൽ മറുപടിയ്ക്ക്**

**ഇടുക്കി വികസന പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി വികസന പാക്കേജ് എന്നാണ് നിലവിൽ വന്നതെന്നും ഇതിനായി അനുവദിച്ച തുക എത്രയാണെന്നും അറിയിക്കുമോ; | (എ) | 2021 ഫെബ്രുവരിയിലാണ് ബഹു.മുഖ്യമന്ത്രി ഇടുക്കി പാക്കേജ് പ്രഖ്യാപിച്ചത്. 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ഇടുക്കി പാക്കേജിനായി ആകെ 150 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്. |
| (ബി) | എത്ര വർഷം കൊണ്ടാണ് പാക്കേജ് നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | ബഹു. മുഖ്യമന്ത്രിയുടെ ഇടുക്കി പാക്കേജ് പ്രഖ്യാപന രേഖ പ്രകാരം അഞ്ചുവർഷ ക്കാലയളവിനുള്ളിൽ നടപ്പാക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. |
| (സി) | നാളിതുവരെ എത്ര തുക ഇടുക്കി പാക്കേജിനായി അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) | നാളിതുവരെ ഇടുക്കി പാക്കേജിനായി ആകെ 150 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്. |
| (ഡി) | ഇടുക്കി പാക്കേജ് മുഖേന ഇതുവരെ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് നിയോജക മണ്ഡലം തിരിച്ച് വിശദമാക്കാമോ; | (ഡി) | ഇടുക്കി പാക്കേജ് പ്രകാരമുള്ള പദ്ധതികൾ നിലവിൽ നടപ്പിലാക്കിയിട്ടില്ല. ഇതിലേക്കായി, സംസ്ഥാന ആസൂത്രണ ബോർഡ് 24.01.2023 ൽ പത്തൊൻപത് പദ്ധതികളുടെ DPR തയ്യാറാക്കുവാൻ നിർദേശിച്ചിട്ടുള്ളതാണ്. ഇതിലേക്കായുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. . |
| (ഇ) | പ്രസ്തുത പാക്കേജിൽ ഏതൊക്കെ തരത്തിലുള്ള പദ്ധതികളാണ് ഉൾപ്പെടുത്തുന്നതെന്നും ആയതിന്റെ മാനദണ്ഡവും വിശദമാക്കുമോ? | (ഇ) | ഇടുക്കി ജില്ലയുടെ സാമൂഹിക സാമ്പത്തിക വികസന പിന്നോക്കാവസ്ഥ പരിഹരിക്കുന്ന തിനായി കൃഷി അനുബന്ധ മേഖലകൾ, ടൂറിസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ പ്രാധാന്യമുള്ള പദ്ധതി കളാണ് ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന ആസൂത്രണ ബോർഡിലെ മെമ്പർ (കൃഷി വിഭാഗം), ചീഫ് (കൃഷി വിഭാഗം), ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ, ജില്ലാ കളക്ടർ, ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ സമഗ്രമായ യോഗം ചേർന്ന്, ജില്ലയുടെ വികസനത്തിന് പ്രാധാന്യം നൽകിക്കൊണ്ട് വിവിധ വകുപ്പുകൾ ലഭ്യമാക്കിയ പ്രോജക്ടുകളുടെ ലിസ്റ്റ് പരിശോധിക്കുകയും, മുൻഗണനാക്രമം നിശ്ചയിക്കുകയും ചെയ്ത പ്രോജക്ടുകളാണ് 2022-23ൽ ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ